**<u>തിരുവനന്തപുരം ജലസേചനവും ഭരണവും</u>**
**<u>ചീഫ് എഞ്ചിനീയറുടെ നടപടിക്രമം</u>**
**<u>(ഹാജർ:-അലക്സ് വർഗ്ഗീസ്)</u>**

വിഷയം:-ജലസേചനം -വിജിലൻസ് -ശ്രീ. സ്റ്റീഫൻ.വി.വൈ, രണ്ടാംതരം ഓവർസിയർ, ഇറിഗേഷൻ സെക്ഷൻ, ശാസ്താംകോട്ട - ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത് - സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് അച്ചടക്ക നടപടി അവസാനിപ്പിച്ച് കൊണ്ട് ഉത്തരവാകുന്നു.

പരാമർശം::- . 1) 08.03.2021 -ലെ തിരുവനന്തപുരം, ജലസേചനവും ഭരണവും,ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പ്രോജക്ടിന്റെ എ5-15299/20-ാം നമ്പർ അനൗദ്യോഗിക കുറിപ്പ്
2) 09.04.2021 - ലെ ഈ കാര്യാലയത്തിലെ ഇതേനമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3) 15.11.2021 -ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്
4) 06.12.2021 - ലെ ഈ കാര്യാലയത്തിലെ ഇതേനമ്പർ കാരണം കാണിക്കൽ നോട്ടീസ്. .
5) ശ്രീ.സ്റ്റീഫൻ.വി.വൈ യുടെ 07/02/2022-ലെ മറുപടി.

**<u>ഉത്തരവ് നമ്പർ വിജി. 2/909/2021 തീയതി: 27/04/2022</u>**

ശാസ്താംകോട്ട, ഇറിഗേഷൻ സെക്ഷനിൽ, രണ്ടാംതരം ഓവർസിയറായി ജോലി നോക്കി വരവെ ശ്രീ. സ്റ്റീഫൻ.വി.വൈ, കെ.എസ്.ആർ പാർട്ട് -1, അനുബന്ധം 12(എ) യിലെ വ്യവസ്ഥകൾക്കു വിധേയമായി വിദേശത്ത് ജോലി ചെയ്യുന്നതിനായി 28.03.2000 പൂർവ്വാഹ്നം മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. തുടർന്നുള്ള ഉത്തരവുകൾ അനുസരിച്ച് അനുവദനീയമായ പരമാവധി കാലയളവായ 20 വർഷത്തെ ശൂന്യവേതനാവധി 27.03.2020-ൽ അവസാനിച്ചിട്ടുള്ളതും 28.03.2020 പൂർവ്വാഹ്നത്തിന് താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതുമായിരുന്നു. എന്നാൽ പ്രസ്തുത തീയതിയിൽ ജോലിയിൽ പുനപ്രവേശിക്കുകയുണ്ടായില്ല.ടി വിവരം പരാമർശം (1) പ്രകാരം പ്രോജക്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് അറിയിക്കുകയുണ്ടായി.

1960-ലെ കെ.സി.എസ്.(സി.സി.& എ) റൂൾ അനുസരിച്ച് ടിയാന് 09.04.2021-ലെ വിജി.2/909/2021 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും ടിയാന്റെ ലഭ്യമായ വിലാസത്തിൽ അയച്ചു. ആയത് മേൽവിലാസക്കാരൻ 'ഇന്ത്യ വിട്ടു' എന്ന കാരണം രേഖപ്പെടുത്തി തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കി. തുടർന്ന് കൊല്ലം ജില്ലയിൽ പ്രചാരമുള്ള, മനോരമ പത്രത്തിൽ 2021 മേയ് 8 ന് വിന്റോ പരസ്യം നൽകി, 15 ദിവസങ്ങൾക്കുള്ളിൽ മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

അതിനുശേഷവും ടിയാനിൽ നിന്നും യാതൊരു മറുപടിയും ലഭ്യമായില്ല. അതിനാൽ, ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികളുടെ ഭാഗമായി ശ്രീ. സ്റ്റീഫൻ.വി.വൈ, രണ്ടാംതരം ഓവർസിയറുടെ അനധികൃത ഹാജരില്ലായ്മയിൽ കേരള സിവിൽ സർവ്വീസുകൾ ( തരം തിരിക്കലും നിയന്ത്രണവും അപ്പീലും) 15-ാം ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തുവാൻ അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും അപ്രകാരം ലഭ്യമായ റിപ്പോർട്ടിൽ ടിയാന് ജോലിയോട് യാതൊരുവിധ ഉത്തരവാദിത്തങ്ങളില്ലെന്നും ആയതിനാൽ ടിയാനെതിരെ ചട്ടപ്രകാരമുള്ള വകുപ്പു നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ശുപാർശ ചെയ്തിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ ടിയാൻ അനധികൃതമായി ഹാജരാകാതിരുന്ന 28.03.2020 മുതൽ ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താല്കാലികമായി തീരുമാനിച്ചുകൊണ്ടുള്ള ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 06.12.2021-ലെ വിജി.2 909/2021 നമ്പർ കാരണം കാണിക്കൽ നോട്ടീസ് ടിയാന് നൽകുകയും ചെയ്തു.

കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ സമർപ്പിച്ച പരാമർശം (5) പ്രകാരമുള്ള മറുപടിയിൽ മകന്റെ വിദ്യാഭ്യാസം, കോവിഡ് സാഹചര്യം, ഭാര്യയുടെ അസുഖം എന്നിവ മൂലമാണ് യഥാസമയം ഹാജരാകാൻ കഴിയാത്തത് എന്ന് ആണ് ബോധിപ്പിച്ചിരിക്കുന്നത്. ടിയാൻ ആവശ്യപ്പെട്ടിരുന്ന അർദ്ധ വേതനാവധി അനുവദനീയമല്ല എന്നും എത്രയും വേഗം ജോലിക്ക് ഹാജരാകുവാനും 11.09.2020-ൽ നിർദ്ദേശം നൽകിയെങ്കിലും ആയത് പാലിക്കാതെ മുമ്പ് നൽകിയതിൽ കൂടുതലായി യാതൊന്നും ബോധിപ്പിച്ചിട്ടില്ല. അതിനാൽ ടിയാന്റെ മറുപടി പരിഗണനാർഹമല്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ, ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി, രണ്ടാംതരം ഓവർസിയറായ ശ്രീ. സ്റ്റീഫൻ.വി.വൈ യെ 28.03.2020 തീയതി മുതൽ സർക്കാർ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനുള്ള താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് അച്ചടക്ക നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ചീഫ് എഞ്ചിനീയർ

ശ്രീ. സ്റ്റീഫൻ.വി.വൈ,
ദിവ്യദർശനം, 24 ദിവ്യനഗർ
പട്ടത്താനം, കൊല്ലം, ഫോൺ നമ്പർ 8606028495, 8281234396
Email.ID stephen.yohannan @ gmail.com

പകർപ്പ് :-

1)അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (പ്രോജക്ട്)
2)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ, ചവറ
3) ഇറിഗേഷൻ വെബ് സൈറ്റ്

sud18/04/2022